LIBRARY ARCHIVES Kerala Legislative Assembly

വിദേശ തൊഴിൽ സാധ്യതകളെക്കുറിച്ച് ബോധവൽക്കരണം

*13 [12] *ശ്രീ. എം. എ. ഹസ്സൻ:*

" *എ. കെ. മണി:*

" *സി. പി. മുഹമ്മദ്:*

" *ലൂഡി ലൂയിസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശങ്ങളിലെ തൊഴിൽ സാധ്യതകളെപ്പറ്റിയും അവ നേടുന്നതിനുണ്ടായിരിക്കേണ്ട വിദ്യാഭ്യാസയോഗ്യത, പരിചയം എന്നിവയെപ്പറ്റിയും ജനങ്ങൾക്ക് വേണ്ട വിവരം നൽകുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഗവൺമെന്റ് ആഭിമുഖ്യത്തിൽ നിലവിലുള്ളത്;

(ബി) ഇവ ജനങ്ങളിൽ എത്തിക്കാൻ സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമാണ് എന്ന് വിശദമാക്കാമോ?

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):*

(എ) & (ബി) വിദേശ രാജ്യങ്ങളിൽ ഉണ്ടാകുന്ന പുതിയ തൊഴിലവസരങ്ങൾ ഏതൊക്കെയാണെന്നും അവയ്ക്കുവേണ്ട യോഗ്യതകൾ എന്താണെന്നും കണ്ടുപിടിച്ച് അതിൽ യോഗ്യരായവരെ കണ്ടെത്തി അവർക്ക് വേണ്ടി പരിശീലനം നടത്തുന്നതിന് ഇ-മാപ്പിംഗ് അഥവാ എംപ്ലോയ്മെന്റ് മാപ്പിംഗ് എന്ന ഒരു പദ്ധതി സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇത് ഇപ്പോൾ പ്ലാനിംഗ് ബോർഡിന്റെ പരിഗണനയിലാണ്.

സ്മാർട്ട് സിറ്റി പദ്ധതിയിലൂടെയുള്ള തൊഴിൽ സാധ്യത

*14 [13] *ശ്രീ. തോമസ് ചാഴികാടൻ:*

" *റോഷി അഗസ്റ്റിൻ:*

" *കെ. നാരായണക്കുറുപ്പ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് സിറ്റി പദ്ധതി ഏതു ഘട്ടം വരെയായി എന്നറിയിക്കാമോ;

(ബി) ഈ പദ്ധതിയിലൂടെ എത്ര പേർക്ക് തൊഴിൽ ലഭ്യമാക്കാനാണ് ലക്ഷ്യമിടുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) ഇതേ മാതൃകയിലുള്ള പദ്ധതി അന്യസംസ്ഥാനങ്ങളിലോ, വിദേശ രാജ്യങ്ങളിലോ വിജയകരമായി നടപ്പാക്കിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ;

(ഡി) സ്മാർട്ട് സിറ്റി പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ധാരണാപത്രം സർക്കാർ ഒപ്പിട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):*

(എ) ദുബായ് ഇന്റർനെറ്റ് സിറ്റിയുമായുള്ള പ്രഥമ ധാരണാപത്രം ഇതുവരെ ഒപ്പിട്ടിട്ടില്ല. കേരള ഗവൺമെന്റ് ധാരണാപത്രത്തിന്റെ കരട്രൂപം അയച്ചു കൊടുക്കുകയും ദുബായ് ഇന്റർനെറ്റ് സിറ്റി അധികൃതർ അവരുടെ മറുപടി നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) 33,300 നേരിട്ടുള്ള തൊഴിലവസരങ്ങളാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) കർണ്ണാടക സർക്കാർ, സിംഗപ്പൂർ ആസ്ഥാനമായുള്ള ജെ.ടി.സി., ഇന്ത്യയിലെ ടാറ്റാ ഗ്രൂപ്പുമായി ചേർന്ന് ഐ.ടി.പി.എൽ. എന്ന ബൃഹത് പാർക്ക് നടപ്പാക്കിയിട്ടുണ്ട്. കർണ്ണാടക സംസ്ഥാനത്തിന്റെ ഐ.ടി. മേഖലയിലെ കയറ്റുമതിയുടെ സിംഹഭാഗവും ഈ പാർക്കിൽ നിന്നാണ് ചെയ്യുന്നത്. ആന്ധ്രാപ്രദേശ് ഗവൺമെന്റ് ഹൈദരാബാദിൽ എൽ. ആൻഡ് ടി. യുമായി സഹകരിച്ച് ഹൈടെക് സിറ്റി വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. തമിഴ്നാട് സർക്കാർ മഹീന്ദ്രയുമായി സഹകരിച്ച് ചെന്നൈയിൽ മഹീന്ദ്രപാർക്കും വിജയകരമായി നടത്തിവരുന്നുണ്ട്.

(ഡി) ധാരണാപത്രം ഒപ്പിട്ടിട്ടില്ല.

രോഗ പ്രതിരോധ നടപടികൾ

*15 [14] *ശ്രീ. ടി. പി. എം. സാഹിർ:*

„ *പി. കെ. കെ. ബാവ:*

„ *സി. മോയീൻകുട്ടി:*

„ *കെ. എൻ. എ. ഖാദർ:*

„ *പി. കെ. അബ്ദുറബ്ബ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കാലരോഗങ്ങൾ പടരുന്നത് തടയാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം നടപടികളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(സി) എലിപ്പനി, ഡെങ്കിപ്പനി എന്നീ രോഗങ്ങൾ ബാധിച്ച സ്ഥലങ്ങളിൽ അവയുടെ നിവാരണത്തിനായി എന്തെല്ലാം പ്രത്യേക നടപടികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ഡി) പ്രസ്തുത നടപടികൾ രോഗം ചികിത്സിച്ചു ഭേദമാക്കുന്നതിനും പ്രതിരോധത്തിനും എത്രമാത്രം ഉപകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ):*

(എ) & (ബി) ഉണ്ട്. സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly